മലയാളപ്പേടി

ഡോ. സ്കറിയാ സക്കറിയ

പുലപ്പേടി, മണ്ണാപ്പേടി തുടങ്ങിയ പഴയ നാട്ടുവഴക്കങ്ങളെക്കുറിച്ചു ചിലരെങ്കിലും കേട്ടിരിക്കും. കീഴാളവർഗങ്ങൾക്ക് മേലാളവർഗത്തിലെ പെണ്ണുങ്ങളെ തട്ടിയെടുക്കാൻ ഒരു കുറുക്കുവഴി എന്നു തോന്നാം. നിർദ്ദിഷ്ട ദിവസങ്ങളിൽ (ഉച്ചാരനാൾ മുതൽ പത്താമുദയം വരെ എന്ന് വസന്തൻ, 2005: 174) കീഴാളൻ കല്ലോ കമ്പോ മേലാളസ്ത്രീയുടെ ശരീരത്തിൽ എറിഞ്ഞുകൊള്ളിച്ചാൽ അവൾ അശുദ്ധി ബാധിച്ചു ഭ്രഷ്ടാകും. അങ്ങനെ പുറത്താക്കപ്പെടുന്ന മേലാളസ്ത്രീയെ കീഴാളനു കൈവശപ്പെടുത്താം. ഒറ്റനോട്ടത്തിൽ കീഴാളപക്ഷത്തിന്റെ നേട്ടമായിട്ടായിരിക്കാം അതു തോന്നുന്നതെങ്കിലും സൂക്ഷ്മമായാലോചിച്ചാൽ ജാതിവ്യവസ്ഥയിലെ സവർണമേൽക്കോയ്മയും പുരുഷാധിപത്യവും ഉറപ്പിക്കുന്നതാണ് മണ്ണാപ്പേടിയും പുലപ്പേടിയും എന്നു വ്യക്തമാകും. സ്ത്രീയുടെ ശരീരബോധം തീക്ഷ്ണതരമാക്കി, സ്ത്രീ എന്നാൽ ശരീരം എന്ന സമവാക്യം ഉറപ്പിച്ചെടുക്കുന്നത് ആർക്കുവേണ്ടിയാണ്? സ്ത്രീക്കുവേണ്ടി എന്നു പറയുന്നവർ ഉണ്ടാകുമോ? സ്ത്രീയെ സ്വന്തം സുഖഭോഗങ്ങൾക്കുള്ള ഭോഗവസ്തുവായി കാണുന്നവർക്കു മാത്രമേ സ്ത്രീ എന്നാൽ ശരീരം എന്ന സമവാക്യം അംഗീകരിക്കാനാവൂ. ശരീരമല്ല, സ്വത്വമാണ് സ്ത്രീയുടെ തനിമ എന്നു തിരിച്ചറിഞ്ഞാൽ സ്ത്രീക്കു തന്റേടമുണ്ടാകും. അവൾ ഒറ്റയ്ക്കു പുറത്തിറങ്ങി സഞ്ചരിക്കാൻ ഒരുമ്പെടും. സ്ത്രീയുടെ ഉടൽ കാഴ്ചവസ്തുവാണെന്ന ആശയാവലിക്കുള്ളിലാണ് മണ്ണാപ്പേടിയും പുലപ്പേടിയും നിലനിൽക്കുന്നത്. രാജകല്പനകളിലൂടെ ഈ അനാചാരങ്ങൾ നിരോധിക്കപ്പെട്ടെങ്കിലും, അതിന്റെ ആശയാവലികൾ ഇപ്പോഴും ബാക്കിനിൽക്കുന്നു. ശുദ്ധിവാദത്തിന്റെ ബലത്തിൽ സ്ത്രീയെ ഉപഭോഗവസ്തുവാക്കാനും കീഴാളനെ കാമവെറിയനാക്കാനും പുതിയ സങ്കേതങ്ങൾ കണ്ടെത്തുന്നു. 'അടക്കമില്ലാത്ത സ്ത്രീകളെ ഭയപ്പെടുത്തി വരുതിയിൽ നിർത്താൻ സ്വീകരിച്ചിരുന്ന മാർഗമാണിതെന്നു' (വസന്തൻ 2005: 174) ചിലർ പറയുന്നതിന്റെ രഹസ്യമിതാണ്. അടക്കമില്ലാത്ത പുരുഷന്റെ കാമാസക്തിക്ക് ഇന്ധനം പകരുന്നതാണ് മണ്ണാപ്പേടിയും പുലപ്പേടിയും എന്ന് ശാന്തമായി ആലോചിച്ചാൽ വ്യക്തമാകും. ഇതുപോലെയാണ് ഇരുപത്തൊന്നാം നൂറ്റാണ്ടിലെ മലയാളപ്പേടിയും.

ആധുനികീകരണത്തിന്റെയും നൂതനസംവേദനക്രമത്തിന്റെയും മാധ്യമച്ചിട്ടകളുടെയും കുത്തൊഴുക്കിൽ തന്നിടം തിരിച്ചറിയാൻ കഴിയാത്തവർ വിഭ്രാന്തിയോടെ മലയാളപ്പേടിയിൽ അകപ്പെടുന്നു. അവർക്ക് മാധ്യമഭാഷ ഭീതി വിതയ്ക്കുന്ന കാടാണ്. കാടിന്റെ സൗന്ദര്യമല്ല, ഭീകരതയാണ് 'ആരാലിവൾതന്നധരംപേയം' എന്നു വിളിച്ചുകൂവാൻ കാട്ടാളനെ പ്രേരിപ്പിക്കുന്നത്. മാധ്യമമലയാളത്തെക്കുറിച്ചുള്ള വേവലാതികൾ കാട്ടാളന്റെ ജ്വരജല്പനങ്ങൾപോലെ ഉയർന്നു കേൾക്കുന്നു. ഭാഷാസ്നേഹം ഇവിടെ ഉന്മവും തന്ത്രവും പിഴച്ച് ഉത്കണ്ഠാരോഗമായി വളരുകയാണ്.

ഇപ്പോൾ മലയാളക്കരയിൽ പുതിയൊരു പേടിയായി അതു മാറിയിരിക്കുന്നു. 'മലയാളപ്പേടി' എന്നു ഞാൻ അതിനെ വിളിക്കട്ടെ. മലയാളസ്നേഹത്തിന്റെ രൂപത്തിലാണ് പുത്തൻ ശുദ്ധിവാദം വരുന്നത്. മലയാളം ഉപയോഗിക്കുക എന്നതല്ല അവരുടെ ആവേശം. ശുദ്ധമലയാളം മാത്രം ഉപയോഗിക്കുക. മലയാളം ശീലമാക്കണമെങ്കിൽ 'നല്ല മലയാളം' പഠിച്ചെടുക്കണം. പഠിപ്പിക്കാൻ അധ്യാപകരും പഠനസാമഗ്രികളും തയാർ. ശരീരമാണ് സ്ത്രീത്വം എന്ന സാമാന്യബുദ്ധിപോലെ ലിപിയും വർണങ്ങളുമാണ് ഭാഷ എന്ന് അവർ ബോധ്യപ്പെടുത്തുന്നു. അക്ഷരവീഴ്ചയും ഉച്ചാരണഭേദവുമാണ് തീരാക്കളങ്കമായി അവർ കണക്കാക്കുന്നത്. ഖരാതി ഖരമൃദുഘോഷങ്ങൾ പല മട്ടിലാണ് മലയാളത്തിൽ ഉച്ചരിക്കുന്നതെന്നും കാല-ദേശ-പ്രായ-ലിംഗ-ജാതിഭേദമനുസരിച്ചു ഭാഷ മാറുമെന്നും അവർ സമ്മതിക്കുന്നില്ല. ഇനി മാറ്റമുണ്ടെങ്കിൽതന്നെ തങ്ങൾ ഉപയോഗിക്കുന്നതു ശരിയായ മലയാളവും അപരർ ഉപയോഗിക്കുന്നതു തെറ്റായ മലയാളവും. തങ്ങളുടെതന്നെ എഴുത്തിലും ഉച്ചാരണത്തിലുമുള്ള സൂക്ഷ്മഭേദങ്ങൾ അവർ ഗൗനിക്കുന്നില്ല. മനോവിഭ്രമം ഭാഷയെക്കുറിച്ചുള്ള മായകൾ സൃഷ്ടിക്കുന്നു. തങ്ങൾ ഉപയോഗിക്കുന്ന ഭാഷയിലെ പരകീയപദങ്ങളും സങ്കല്പനങ്ങളും പരകായങ്ങളായി അവരുടെ ഭാഷാബോധത്തിൽ അടയാളപ്പെടുന്നില്ല.

കടംകൊണ്ടു വളരുന്ന ഭാഷ

സംസ്കൃതവാക്കുകൾ കടംകൊണ്ടല്ലാതെ മലയാളിക്ക് എന്താണ് പറയാനും എഴുതാനും കഴിയുന്നത്? ചില്ലറ കൊച്ചുവർത്തമാനങ്ങൾക്ക് അപ്പുറത്തേക്ക് സംഭാഷണം നീങ്ങുമ്പോൾ അതു സംസ്കൃതപ്രചുരമാകുന്നു. 'തന്റെ ഭാര്യക്കു സുഖമില്ലെന്നു സഹോദരി പറഞ്ഞു' എന്നിടത്തു സംസ്കൃതത്തിനാണു മേൽക്കൈ. വിഷയം വൈദ്യമോ നിയമമോ ശാസ്ത്രമോ എങ്കിൽ സംസ്കൃതപ്രളയംതന്നെ. ആധുനികശാസ്ത്രങ്ങളാണെങ്കിൽ ഇംഗ്ലീഷ് വാക്കുകളുടെ കുത്തൊഴുക്ക്. നമ്മുടെ ഭാഷാസ്നേഹികളിൽ ഭൂരിപക്ഷവും സംസ്കൃതപദങ്ങൾ അന്യഭാഷാപദങ്ങളായി കാണുന്നില്ല! വരേണ്യമലയാളമാണ് അവർക്കു സംസ്കൃതം. പുലപ്പേടിയിലെ മേലാളസ്ത്രീയുടെ മെയ്പോലെ ഇവിടെ സംസ്കൃതവാക്കുകൾ മലയാളിയെ കാമിയാക്കുന്നു. സ്ഥാനത്തും അസ്ഥാനത്തും സംസ്കൃതം കോരിച്ചൊരിഞ്ഞു 'വിടപ്രഭു'ക്കളാകാൻ ശ്രമിക്കുന്നവർ മലയാളികളിൽ ധാരാളമുണ്ട്. എന്നാൽ ഇതല്ല മാതൃകാപാഠം എന്നു പതിന്നാലാം നൂറ്റാണ്ടിൽതന്നെ ലീലാതിലകാചാര്യൻ കാട്ടിത്തന്നിട്ടുണ്ട്. സംസ്കൃതപണ്ഡിതനും മഹാവൈയാകരണനുമായിരുന്ന കേരളപാണിനിയും സംസ്കൃതാനുകരണം തള്ളിപ്പറയുന്നു. എന്നിട്ടും ഇന്നത്തെ നല്ല മല

യാളം ചർച്ചകളിൽ സംസ്കൃതാതിപ്രസരദോഷം ചർച്ചചെയ്യപ്പെടുന്നില്ല. നല്ലത്.

ഇംഗ്ലീഷ് എന്ന മ്ലേച്ഛത

എഴുത്തിലോ സംഭാഷണത്തിലോ ചലച്ചിത്രം, പരസ്യം തുടങ്ങിയവയിലോ ഇംഗ്ലീഷ് കടന്നുവന്നാൽ ശുദ്ധിവാദികൾക്കും നിഷ്കളങ്കമനസ്കർക്കും വേവലാതിയായി. മലയാളത്തെ ഇംഗ്ലീഷുകൊണ്ടു ശ്വാസംമുട്ടിക്കുന്നു എന്നാണു മുറവിളി. ഇംഗ്ലീഷ് വാക്കുകൾ എത്ര കടന്നുകയറിയാലും വ്യാകരണവ്യവസ്ഥ മാറ്റമില്ലാതെ തുടർന്നാൽ മലയാളത്തിനു യോഗ്യതക്കുറവുണ്ടാവില്ല. കാര്യശേഷി വർധിക്കും. 'അമ്മയ്ക്ക് ഹാർട്ട് ഓപ്പറേഷൻ വേണം' എന്നു പറയുന്നവനെക്കൊണ്ട് 'അമ്മയ്ക്കു ഹൃദയശസ്ത്രക്രിയ വേണം' എന്നു പറയിക്കണോ? സാധാരണമലയാളിക്ക് അതു പ്രശ്നമല്ല. നമ്മുടെ ന്യൂജനറേഷൻ പിള്ളേരെ മലയാളത്തിൽ പിടിച്ചുനിർത്തണമെങ്കിൽ ഹൃദയശസ്ത്രക്രിയ ഒഴിവാക്കി ഹാർട്ട് ഓപ്പറേഷൻതന്നെ വേണ്ടിവരും. അവരുടെ ഭാഷയിൽ നടക്കുന്നതു പഴമയുടെ എഴുന്നള്ളിപ്പല്ല, പുതുമയുടെ പൂരമാണ്.

കേരളമെന്ന ബഹുഭാഷാമേഖല

ഇത്രയും പറഞ്ഞതുകൊണ്ട് നല്ല മലയാളപ്രസ്ഥാനത്തോട് വിയോജിക്കാനൊന്നും ഞാൻ ഒരുമ്പെടുന്നില്ല. എന്റെ ഉൽകണ്ഠ മലയാളത്തിന്റെ ഭാവിയെക്കുറിച്ചാണ്. ഇക്കാര്യം തെല്ല് വിശദീകരിക്കാം.

പണ്ടുമുതൽത്തന്നെ കേരളം ഒരു ബഹുഭാഷാസമൂഹമായിരുന്നു. പ്രാകൃതവും സംസ്കൃതവും തമിഴും ഹീബ്രുവും അറബിയും പോർച്ചുഗീസും ഡച്ചും ഫ്രഞ്ചും ഇംഗ്ലീഷും സുറിയാനിയും ഈ തീരത്ത് വേരുമുളപ്പിച്ചു. ഓരോ ഭാഷയ്ക്കും ഓരോരോ നിയോഗങ്ങളുണ്ടായിരുന്നു. അവ കൃത്യമായി നിറവേറിയപ്പോൾ ഭാഷകളുടെ ഏകോപനത്തിലൂടെ ജനജീവിതം അർഥപുഷ്ടമായിത്തീർന്നു. അറബിഭാഷകൊണ്ട് കച്ചവടം മുന്നേറി. സംസ്കൃതംകൊണ്ട് വൈജ്ഞാനിക വ്യാപാരങ്ങളും ആദ്ധ്യാത്മികചിന്തയും പുരോഗമിച്ചു. ഭൗതികവിഭവപരിസരത്ത് പുതിയ വിഭവങ്ങൾ പ്രദർശിപ്പിച്ചു. കോളനിഭരണത്തിന്റെയും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെയും പൊതുമണ്ഡലരൂപീകരണത്തിന്റെയും ഭാഗമായി ഇംഗ്ലീഷ് പ്രചരിച്ചു. സംസ്കൃതത്തിന്റെയും ഇംഗ്ലീഷിന്റെയും ഇടപെടലാണ് കൂടുതൽ വ്യാപകമായ ചലനങ്ങൾ ഉണ്ടാക്കിയത്. ഇന്നും ഭാഷയിൽ പുതുമകളുണ്ടാക്കാൻ ശ്രമിക്കുന്നവർ ഇംഗ്ലീഷിനെയോ സംസ്കൃതത്തെയോ ആശ്രയിക്കുന്നു. പുതുമയൊന്നും വേണ്ട എന്നു തീരുമാനിച്ചാലല്ലാതെ ഇംഗ്ലീഷിനെയും സംസ്കൃതത്തെയും ബഹിഷ്കരിക്കാൻ കഴിയില്ല. ചരിത്രവശാൽ കഴിഞ്ഞകാലത്തിന്റെ ഭാഷയെന്ന വിശേഷണംകൂടി സംസ്കൃതത്തിനു പതിഞ്ഞിട്ടുണ്ട്. ആ ഭാഷ അറിയുന്നവരുടെയും ഉപയോഗിക്കുന്നവരുടെയും സ്വഭാവവിശേഷങ്ങൾ പരിഗണിച്ചിട്ടുള്ള ഒരു ധാരണയാണിത്. ആധുനികീകരണത്തിനുള്ള ഒരു ഉപകരണമായി സംസ്കൃതത്തെ ഉപയോഗിക്കാൻ നടക്കുന്ന പരീക്ഷണങ്ങൾ വിജയിച്ചാൽ ആ ഭാഷയുടെ സ്ഥാനവും വലിപ്പവും മാറും. മാറാനുള്ള വൈമനസ്യമാണ് സംസ്കൃതത്തിന്റെ ദൗർബല്യം. ഇംഗ്ലീഷാകട്ടെ, ലോകം മുഴുവൻ ചുറ്റിയടിക്കുന്ന ഉന്മേഷശാലിയായ ഭാഷയാണ്. എവിടെനിന്നും എന്തും കടംകൊള്ളും, എവിടെയും കയറിപ്പറ്റും. അങ്ങനെയാണ് ഇംഗ്ലീഷ് ഗ്ലോബിഷ് (Globish) ആയി മാറിയത്. ഇംഗ്ലീഷിന്റെ ആഗോളത മലയാ

ളിക്ക് ഗുണവും ദോഷവുമാണ്. നാനാവിധ കാര്യങ്ങൾ എഴുതിയും പറഞ്ഞും നല്ല മെയ്‌വഴക്കം നേടിയ ഭാഷയാണ് ഇംഗ്ലീഷ്. ഡിജിറ്റൽയുഗത്തിലെ എല്ലാ നവീനസങ്കേതങ്ങളുമായി ഉറ്റചങ്ങാത്തത്തിലാണ് ഇംഗ്ലീഷ്. ഇംഗ്ലീഷിന്റെ ഈ വശ്യത അതിന്റെ അവസരോചിതമായ പ്രയോഗസാമർഥ്യംകൊണ്ടുണ്ടായതാണ്. ഇംഗ്ലീഷിനെ വളർത്തിയെടുക്കുന്നതിൽ ഇംഗ്ലീഷ് മാതൃഭാഷയായിട്ടുള്ളവർ മാത്ര മല്ല, രണ്ടാം ഭാഷയായിട്ടുപയോഗിക്കുന്ന ഇന്ത്യക്കാരും വലിയ പങ്കുവഹിച്ചിട്ടുണ്ട്. തലയെണ്ണി നോക്കിയിട്ടല്ല ഇംഗ്ലീഷിന്റെ ഇന്ത്യയിലെ സാന്നിധ്യം തിട്ടപ്പെടുത്തേണ്ട ത്. ഇംഗ്ലീഷ് സംസാരിക്കുന്നവർ രാജ്യത്തിന്റെ നാനാഭാഗങ്ങളിലുമുണ്ട്. നിർണായ കസ്ഥാനങ്ങളിലുള്ളവരെല്ലാം ഇംഗ്ലീഷ് ഭാഷാഭിജ്ഞരാണ്. ശാസ്ത്ര-സാങ്കേ തിക-സാംസ്കാരികസ്ഥാപനങ്ങളെല്ലാം ഇംഗ്ലീഷ്മുറയിലാണു നടക്കുന്നത്. വിദ്യാഭ്യാസ, മാധ്യമസ്ഥാപനങ്ങളുടെ കാര്യം പറയാനുമില്ല. ചുരുക്കത്തിൽ, സമ കാലിക ഭാരതത്തിന്റെ മാനസികവും ബൗദ്ധികവുമായ ചക്രവാളത്തിൽ ഇംഗ്ലീ ഷാണ് വിടർന്നു നിൽക്കുന്നത്. ഇങ്ങനെപറയുമ്പോൾ, ഭാഷയുടെ അടി സ്ഥാനധർമ്മങ്ങളെപ്പറ്റി അൽപ്പമൊന്നു വിസ്തരിക്കേണ്ടിവരും.

ഭാഷ എന്തിന്?

ഈ ചോദ്യത്തിന് വ്യക്തവും വസ്തുനിഷ്ഠവുമായ ഉത്തരം തേടേണ്ടതുണ്ട്. ആശയവിനിമയത്തിനാണ് ഭാഷ എന്നു പറഞ്ഞുപഠിച്ചവരാണു നമ്മൾ. എന്നാൽ ഇന്നത്തെ ലോകത്തിൽ ആശയവിനിമയത്തോടൊപ്പമോ അതിലേറെയോ പ്രധാന്യ മുള്ള ധർമ്മങ്ങൾ ഭാഷ അനുഷ്ഠിക്കുന്നുണ്ട്. തോതിലും തരത്തിലും കണക്കെടു ത്താൽ ഭാഷയുടെ മുഖ്യ ഉപയോഗം പ്രേരണ ചെലുത്തുക എന്നതാണ്. വാമൊഴി യിലും വരമൊഴിയിലും ഭാഷ പ്രേരണാപരമാണ്. കച്ചവടത്തിന്റെ ഉപകരണമാണു ഭാഷ. പരസ്യങ്ങൾ ഭാഷയുടെ വായ്ത്തല കാട്ടിത്തരുന്നു. പ്രഭാഷണങ്ങൾമുതൽ ഡിജിറ്റൽ മാധ്യമത്തിലെ പരസ്യങ്ങൾവരെ ഭാഷയുടെ സാധ്യതകൾ പ്രചാരണ ത്തിനായി ഉപയോഗിക്കുന്നു. ഭാഷയുടെ മറ്റൊരു പ്രധാനപ്പെട്ട ഉപയോഗം രസിപ്പി ക്കുക എന്നതാണ്. മറ്റുള്ളവരെ രസിപ്പിക്കാനും സ്വയം രസിക്കാനും ഭാഷ ഉപയോ ഗിക്കുന്നു. എല്ലാം കളിമട്ടിലേക്കു മാറുന്ന മാധ്യമയുഗത്തിൽ ഭാഷകൊണ്ടുള്ള കളി കൾ സുപ്രധാനമാണ്. ഭാഷയുടെ മറ്റൊരു ധർമ്മംകൂടി ചൂണ്ടിക്കാണിക്കട്ടെ. ഭാഷ സ്വത്വപ്രകാശനത്തിനുള്ള ഉപകരണമാണ്. ഭാഷകൊണ്ട് ആണും പെണ്ണും ബ്രാഹ്മ ണനും ദളിതനും നസ്രാണിയും മുസ്ലീമും സ്വത്വമാവിഷ്കരിക്കുന്നു. ബ്രാഹ്മ ണർതന്നെ ഭാഷാപ്രയോഗംകൊണ്ട് പലതരം ബ്രാഹ്മണരായി പ്രത്യക്ഷപ്പെടുന്നു. ഇങ്ങനെയെല്ലാം ഭാഷ അനുഷ്ഠിക്കുന്ന വ്യത്യസ്ത ധർമ്മങ്ങൾ പരിഗണിച്ചിട്ടു വേണം ഭാഷയെക്കുറിച്ച് തീർപ്പു കൽപ്പിക്കാൻ.

ടെലിവിഷൻ മലയാളം

ടെലിവിഷനിലെ ജനപ്രിയപ്രകടനങ്ങൾക്കു നേതൃത്വം നൽകുന്ന യുവതികൾ സംസാരിക്കുന്ന മലയാളം ചീത്ത മലയാളമാണെന്ന് വിധിക്കുംമുമ്പ് ആ മലയാളം അനുഷ്ഠിക്കുന്ന ധർമ്മം എന്ത് എന്നു പഠിച്ചറിയണം. ടെലിവിഷനിൽത്തന്നെ പല മലയാളമുണ്ട്. പ്രസ്ഥാനഭേദമനുസരിച്ച് മലയാളം മാറും. വാർത്തയ്ക്കും രാഷ്ട്രീ യചർച്ചയ്ക്കും സാഹിത്യസംവാദത്തിനും ഉപയോഗിക്കുന്ന മസിലുള്ള മലയാളം

(ബലമുള്ള മലയാളം എന്ന അർഥത്തിൽ) ഉപയോഗിച്ച് നൃത്ത സംഗീത പരിപാടികളുടെ അവതാരകൻ ഏകോപനം നടത്തിയാൽ എല്ലാം പൊളിഞ്ഞതുതന്നെ. രാഷ്ട്രീയത്തിന് മറ്റൊരുതരം മലയാളം വേണ്ടിവരും. ഇവയിലേതാണ് നല്ല മലയാളം? ഓരോതരം മലയാളത്തിനുമുണ്ട് സവിശേഷ ധർമ്മങ്ങൾ. മാനകമലയാളം എന്നും മറ്റും ചിലർ വാദിച്ചേക്കാം. മാനകമലയാളം ഒരു ഉൽപന്നമല്ല, ഭാഷാപ്രവാഹഗതിയാണ്. അതു നിരന്തരം മാറിക്കൊണ്ടിരിക്കുന്നു. ആ പ്രവാഹത്തെ വടമിട്ടു പിടിച്ചുകെട്ടാൻ ശ്രമിക്കുന്നതുപോലെയാണ് ചില ശുദ്ധാത്മാക്കൾ ശുദ്ധമലയാളത്തിന് പഠനക്യാമ്പുകളും മത്സരങ്ങളും നടത്തുന്നത്. മലയാളം പഠിക്കുന്ന കുട്ടിയുടെ ഉത്തരക്കടലാസിൽ ഇക്കൂട്ടർ തിരയുന്നത് അക്ഷരപ്പിഴകളാണ്. അവർ എണ്ണുന്നത് ശരികളല്ല, തെറ്റുകളാണ്. എന്നിട്ടുവേണം മാർക്കു കുറയ്ക്കാൻ. മാതൃഭാഷയോടുള്ള സ്നേഹം ഏറിപ്പോയാൽ ഉച്ചാരണത്തെയും കയറിപ്പിടിക്കും. 'ഭാര്യ', 'ഭർത്താവ്' എന്നൊക്കെ ഉച്ചരിക്കുമ്പോൾ എങ്ങനെ ഉച്ചരിക്കണമെന്ന് വൃത്തികെട്ട മുഖഭാവങ്ങളിലൂടെ വിശദീകരിച്ചുകൊടുക്കും. ഇത്തരം ഭീകരപ്രവൃത്തികൾ കണ്ടാൽ ആരാണ് പേടിക്കാത്തത്? ഖണ്ഡനം, ചന്ദനം എന്നൊക്കെ മയപ്പെടുത്തി ഉച്ചരിച്ചാൽ 'ഭാഷാസ്നേഹികൾ' ഗർജിക്കും. 'ഉച്ചാരണം തെറ്റി' മണിമണിയായി ഖണ്ഡനം, ചന്ദനം എന്നിവയൊക്കെ ഉച്ചരിക്കണം. മാത്രമല്ല, എങ്ങനെയെങ്കിലും യാത്ര പറഞ്ഞ് രക്ഷപ്പെട്ടുകളയാം എന്ന് ചെറുപ്പക്കാർ കരുതിയാൽ മലയാളസ്നേഹികൾ 'ചന്തി'പോലെയുള്ള 'നന്ദി' കൊടുത്ത് അവരെ അവഹേളിക്കും. ആകാശവാണിയിലെ ചുരുക്കം ചില ഭാഷാസ്നേഹികൾ മാത്രമാണ് നന്ദിയും ചന്ദനവുമൊക്കെ 'ശുദ്ധി'യായി ഉച്ചരിക്കുന്നത്. മറ്റുള്ള മലയാളികളെല്ലാം തെറ്റുകാരാണ്. ഭാഷയുടെ കാര്യത്തിൽ ഉത്തമഭാഷാസ്നേഹികൾ പ്രകടിപ്പിക്കുന്ന ഈ മനോവിഭ്രാന്തി മലയാളപ്പേടി വളർത്തുകയാണ്. സൂക്ഷ്മമായാലോചിച്ചാൽ മലയാളത്തിന് ഇത്തരം നിർബന്ധങ്ങളില്ല. വൈവിധ്യമാണ് മലയാളത്തിന്റെ മുഖമുദ്ര. ഇത് തത്ത്വനിഷ്ഠമായി അറിയാൻ *കേരളപാണിനീയം* വായിക്കണം. അചാല്യങ്ങളായ നിയമങ്ങളല്ല, ഭാഷയുടെ സമാന്തരതകളാണ് കേരളപാണിനി അടയാളപ്പെടുത്തുന്നത്. ആഗമികവും വിവരണാത്മകവുമായ വ്യാകരണപദ്ധതി പിന്തുടർന്ന് ഭാഷയ്ക്കുള്ളിലെ സൗരയൂഥങ്ങൾ *കേരളപാണിനീയം* കാട്ടിത്തരുന്നു. *കേരളപാണിനീയം* മലയാളം പഠിക്കാൻ വരുന്നവരെ ഭയപ്പെടുത്താനുള്ള ആയുധമായി ചിലരെല്ലാം ഉപയോഗിച്ചു കാണാറുണ്ട്. ഭാഷയുടെ ബഹുമുഖത്ത്വവും നാനാത്വവും നിരന്തരപരിണാമവും പ്രഖ്യാപിക്കുന്ന കൃതിയാണ് *കേരളപാണിനീയം*. ആ നിലയിൽ *കേരളപാണിനീയം* വായിക്കാനും പഠിപ്പിക്കാനും വ്യാപകമായ പരിശ്രമങ്ങൾ ഉണ്ടാവണം. വിലക്കുകൾ ഏർപ്പെടുത്താനല്ല, ഭാഷയെ സർഗാത്മകവും ചലനക്ഷമവും പുതുമയുള്ളതുമാക്കാനാണ് വ്യാകരണം. ഇക്കാര്യം നന്നായി തിരിച്ചറിഞ്ഞ രണ്ടു മലയാള വൈയാകരണന്മാരാണ് ജോർജ് മാത്തനും കേരളപാണിനിയും. അപ്പൻതമ്പുരാനും സാഹിത്യസാഹ്യത്തിന്റെ അവതാരികയിൽ ഇക്കാര്യം ഭംഗിയായി സൂചിപ്പിക്കുന്നുണ്ട്.

"ശബ്ദശുദ്ധി, വാക്യശുദ്ധി, സന്ദർഭശുദ്ധി എന്നിങ്ങനെ മൂന്നു ശുദ്ധികളെക്കൊണ്ടാകുന്നു ഗദ്യകൃതികൾ പ്രകാശിപ്പിക്കുന്നതെന്നു കാണിച്ചിട്ട് ഗ്രന്ഥകാരൻ ഗദ്യ

രീതികളുടെ ഭേദങ്ങളെ ഉപപാദിച്ച് ഉദാഹരണങ്ങളെക്കൊണ്ട് അവയെ വിശദീകരിക്കുന്നു. രീതികൾക്കുള്ള വൈപരീത്യമാകുന്നു ഗദ്യകൃതികളുടെ ആസ്വാദനഭേദത്തിനുള്ള ബീജം. ഭാഷയുടെ ഐകരൂപ്യവും ഗദ്യരീതിയുടെ വൈപരീത്യവും വിരുദ്ധങ്ങളാണെന്ന് ആരെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ ആയതു ഭ്രമാത്മകമാകുന്നു. ശാസ്ത്രസിദ്ധാന്തങ്ങളെ അനുസരിച്ചു ഗദ്യകൃതികളെ രചിക്കുന്നതായാൽ രീതിഭേദം ഭാഷയ്ക്കു പോഷകമായിട്ടേ തീരൂ. ഭാഷയുടെ ഐകരൂപ്യം ശാസ്ത്രസിദ്ധാന്തങ്ങളുടെ അനുസരണത്തിൽനിന്നാണ് ഉണ്ടാകുന്നത്. ഗദ്യരീതികളുടെ വൈപരീത്യം ഭംഗ്യന്തരേണ വാക്യങ്ങളെ ചേർത്തു കോർക്കുന്നതിലാണ് പ്രതിഷ്ഠിതമായിരിക്കുന്നത്. ഇതു രണ്ടും തമ്മിൽ ഇണങ്ങുന്നതല്ലാതെ ഒരിക്കലും പിണങ്ങുന്നതല്ല."

മലയാളങ്ങളാണ്, മലയാളമല്ല

മലയാളങ്ങൾ മലയാളങ്ങളായി പെരുകുകയാണ്. ഉദാഹരണത്തിന്, ഇരുപത്തഞ്ചു വർഷംമുമ്പ് കേട്ടുകേൾവിപോലുമില്ലാതിരുന്നതാണ് കായികമലയാളം. ഇന്ന് മാധ്യമങ്ങളിൽ സ്പോർട്ട്സ് വൃത്താന്തത്തിന് വലിയ സ്ഥാനമുണ്ട്. പുതിയ വെല്ലുവിളികൾ ഏറ്റെടുത്ത് കായികമലയാളം വളരുന്നു. അതിൽ കലർപ്പിന്റെ കലയായി ഇംഗ്ലീഷ് വാക്കുകൾ ഓടിക്കളിക്കുന്നതു കാണുമ്പോൾ ക്ഷോഭിച്ചിട്ടു കാര്യമില്ല. അത് കായികമലയാളത്തിന്റെ ചേരുവ. പരസ്യമലയാളത്തിലും ശാസ്ത്രമലയാളത്തിലുമുണ്ട് അത്തരം ചേരുവകൾ. രാഷ്ട്രീയഹാസ്യത്തിനും ഫാഷൻ വാർത്തകൾക്കും ആരോഗ്യവാർത്തകൾക്കും വ്യത്യസ്ത ചേരുവകൾ. ഇവയെല്ലാം നിരീക്ഷിച്ച്, വിചാരണ ചെയ്ത് വിധി കൽപ്പിക്കാൻ ആർക്കു കഴിയും? മലയാളം ബിരുദാനന്തരബിരുദം നേടിയതുകൊണ്ട് ഈ വിഷയങ്ങളിലൊന്നും ആധികാരികത അവകാശപ്പെടാനാവില്ല. അതതു വിഷയങ്ങളിൽ അറിവുള്ളവർ സംസാരിക്കട്ടെ. മലയാളഭാഷാപണ്ഡിതർക്കും മാധ്യമപ്രവർത്തകർക്കും ഇത്തരം കാര്യങ്ങളിലുള്ള പിടിപ്പുകേടും അലസതയും വെളിവാക്കുന്ന രണ്ട് സ്മാരകങ്ങളാണ് 'മുന്നാക്ക'വും 'പിന്നാക്ക'വും. ഭാഷയിൽ പ്രചുരപ്രചാരം നേടിയ 'മുന്നോക്ക'വും 'പിന്നോക്ക'വും തെറ്റാണെന്നു വിധിച്ച ബുദ്ധിയാണ് നമ്മുടെ ശരാശരി വ്യാകരണബുദ്ധി. അലസതയുടെ കാര്യം, *ഗുണ്ടർട്ട് നിഘണ്ടു*, *ശബ്ദതാരാവലി* തുടങ്ങിയ നിഘണ്ടുക്കൾ മറിച്ചുനോക്കുകയെങ്കിലും ചെയ്തിരുന്നുവെങ്കിൽ മുന്നോക്കത്തിന്റെയും പിന്നോക്കത്തിന്റെയും മാന്യപദവി തിരിച്ചറിയുമായിരുന്നു. നോക്കത്തെ നോട്ടം എന്ന് മനസ്സിലാക്കുമായിരുന്നു. ഇതിനൊന്നും മിനക്കെടാതെ ഏതോ ചാരുകസേരാപണ്ഡിതന്റെ ദിവാസ്വപ്നം മുൻനിർത്തി മാധ്യമങ്ങൾ മുന്നോക്കത്തിനും പിന്നോക്കത്തിനും ഊരുവിലക്കു കൽപിച്ചു. ഇതാണ് ഭാഷയിലെ അതിക്രമം. ഇത്തരം അതിക്രമങ്ങളെ ഭാഷയ്ക്കു സഹജമായ വൈവിധ്യങ്ങളിൽനിന്ന് വേർതിരിച്ചറിയണം.

മരിക്കാത്ത മലയാളം

മലയാളഭാഷ മരിക്കുന്നു എന്ന വേവലാതിയാണ് മറ്റൊരു വിഷയം. ഭാഷയുടെ ഉപയോഗം കുറഞ്ഞുവരുമ്പോഴാണ് ഭാഷ മരിക്കുന്നത്. മലയാളത്തിന് ഇത്തരമൊരു ദുർഗതി സംഭവിച്ചിട്ടില്ല. സംഭവിക്കുന്നതിന്റെ സൂചനകൾ കാണുന്നതുമില്ല. ഭാഷയുടെ ശേഷി കറയുകയല്ല, കൂടുകയാണ്. മാധ്യമരംഗത്തും വാണിജ്യരം

ഗത്തും മലയാളം വ്യാപകമാവുകയാണ്. ഇംഗ്ലീഷിനോടു മത്സരിച്ച് ഈ മണ്ഡലങ്ങളിലെല്ലാം മലയാളം ചുവടുറപ്പിക്കുന്നു. ഭരണം, വിദ്യാഭ്യാസം തുടങ്ങിയ മണ്ഡലങ്ങളിൽ മലയാളം തിരിച്ചടി നേരിടുന്നുണ്ട് എന്നുള്ളതു ശരിയാണ്. അതിന് ജനങ്ങളെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. ഇപ്പോൾ ജനങ്ങൾ സ്വപ്നം കാണുന്നത് ആഗോളതയാണ്. അന്തർദേശീയ സ്കൂളുകൾ, അന്തർദേശീയ കമ്പോളം, അന്തർദേശീയ തൊഴിലിടം, അന്തർദേശീയ ബിരുദങ്ങൾ, വമ്പിച്ച വരുമാനം ഇവയെല്ലാം ലഭ്യമാക്കാൻ ആഗോളഭാഷയെ അവർ ഉപകരണമായിക്കാണുന്നു. ഭക്ഷണം, വേഷം എന്നിവയിലും ഈ മാറ്റം കാണാം. അതുകൊണ്ട് മലയാളം ഉൾപ്പെടെയുള്ള തനതു സമ്പത്തുകളെ ഉപേക്ഷിച്ചുകളയുന്നു എന്നു കരുതേണ്ട. ആഗോളഭ്രമത്തിനിടയിലും പൈതൃകത്തിന്റെ ഭാഗമായി കപ്പ, മീൻകറി, പായസം തുടങ്ങിയവയോടൊപ്പം മലയാളവും അവർ കൊണ്ടുനടക്കുന്നു. കല്യാണത്തിനും ഓണത്തിനും നാടൻ വേഷങ്ങളും ആഭരണങ്ങളും അണിയുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ, പൈതൃകഭാഷയായി മാറുകയാണ് മാതൃഭാഷയായ മലയാളം. പഠനത്തിനും തൊഴിലിനും വിപണനത്തിനും ഇംഗ്ലീഷ്; പൈതൃകത്തിനു മലയാളം. സാവകാശമുണ്ടെങ്കിൽ ആത്മീയതയ്ക്ക് സംസ്കൃതമോ അറബിയോ എന്ന മട്ടിൽ കേരളത്തിന്റെ ഭാഷാമണ്ഡലം പുനസംഘടിപ്പിക്കപ്പെടുകയാണ്. ഇങ്ങനെപോയാൽ മലയാളം പ്രാർഥനകളിലും കവിതകളിലും പ്രേമഗാനങ്ങളിലും ഒതുങ്ങിക്കൂടി മരിക്കുമോ എന്നാണ് ചിലരുടെ ഭയം. അതുകൊണ്ടാണ് മലയാളം ഇന്ന് ഊർജസ്വലമായി വിഹരിക്കുന്ന വാണിജ്യമണ്ഡലത്തെക്കുറിച്ചും വിനോദമണ്ഡലത്തെക്കുറിച്ചും സൂചിപ്പിക്കുന്നത്. ഇങ്ങനെയുള്ള മലയാളം മരിക്കില്ല. മലിനമാകുന്നുവെന്ന് ശുദ്ധിവാദികൾ ആക്ഷേപിച്ചാലും തളർന്നുപോവില്ല.

ഭാഷാസങ്കലനബഹളം

ഭാഷയ്ക്കുള്ളിൽ നടക്കുന്ന സങ്കലനബഹളം മലയാളിക്കും മലയാളത്തിനും പുതുമയല്ല. ബഹുഭാഷാസാഹചര്യവുമായി പൊരുത്തപ്പെടുന്നതാണ് മലയാളത്തിന്റെ ജീനിയസ്. ഭാഷാന്തരണത്തിലൂടെയാണ് മലയാളം സാഹിത്യവഴിയിലേക്കു പ്രവേശിച്ചത്. ഇന്നും തർജമകളിലൂടെ മലയാളത്തിന്റെ പുസ്തകസമ്പത്ത് പെരുകിവരുന്നു. എന്തിന്, വിവർത്തനം ചെയ്തെടുക്കുന്നതാണ് മലയാളിക്ക് സമകാലികവിജ്ഞാനം. മലയാളത്തിൽ ഇപ്പോൾതന്നെയുള്ള സാഹിത്യവ്യവസ്ഥയോടും വിജ്ഞാനവ്യവസ്ഥയോടും പൊരുത്തപ്പെടുന്ന വിഭവങ്ങൾ എളുപ്പം സ്വാംശീകരിക്കപ്പെടുന്നു. ഖണ്ഡേക്കറുടെ *യയാതി*യും അനന്തമൂർത്തിയുടെ *സംസ്കാര*യും മാർക്വേസിന്റെ *ഏകാന്തതയുടെ നൂറു വർഷങ്ങളും* മലയാളിക്കിപ്പോൾ സ്വന്തം നോവലുകളാണ്. സുനാമിയും യൂട്യൂബുമടക്കം പുതിയ അറിവുകൾ മലയാളം സ്വന്തമെന്നു കരുതുന്നു. ഇതേ മനോവൃത്തിയാണ് *ലീലാതിലകം*, *കേരളപാണിനീയം* തുടങ്ങിയ പ്രമുഖ വ്യാകരണകൃതികളും പ്രകടമാക്കുന്നത്.

കുഞ്ചൻനമ്പ്യാരുടെ ഭാഷാദർശനം

ഭാഷാസങ്കലനബഹളത്തെ ഒരുതരം രാഗവിസ്താരമായി അഥവാ പ്രകടന (performance) മായി തിരിച്ചറിഞ്ഞ മഹാനായ കവിയാണ് കുഞ്ചൻ നമ്പ്യാർ. വീണ്ടുവിചാരത്തിന്റെ ഭാഗമായി സ്വകൃതികളിലെ ഭാഷാബലതന്ത്രത്തെക്കുറിച്ച് സൂക്ഷ്മ

ദൃഷ്ടിയോടെ ചില കാര്യങ്ങൾ നമ്പ്യാർ രേഖപ്പെടുത്തുന്നുണ്ട്. സഭാപ്രവേശം പറയൻതുള്ളലിലെ പ്രാരംഭഭാഗത്ത് നടത്തുന്ന അഭിപ്രായപ്രകടനങ്ങൾ മലയാളഭാഷയുടെ പ്രവർത്തനതത്ത്വങ്ങൾ മനസ്സിലാക്കാൻ ഉപകരിക്കും. സംസ്കൃതം, ചാരുകേരളഭാഷ, ഉത്തമ മണിപ്രവാളം തുടങ്ങിയവയെല്ലാം ഓരോരോ ഇടങ്ങളിൽ വിനിമയശൃംഖലയിൽ പങ്കുചേർന്നു പ്രവർത്തിക്കുന്നു. പരസ്പരപൂരകമാണ് അവയുടെ ഇണക്ക്. ധ്വനിതലം മുതൽ വർണ-രൂപ-വാക്യതലങ്ങൾ പിന്നിട്ട് സങ്കൽപനതലത്തോളം ഉണ്ട് ഇണക്കുവിദ്യകൾ. എന്തെല്ലാം എവിടെയെല്ലാം എങ്ങിനെയെല്ലാം ഇണക്കണം എന്നു തീരുമാനിക്കുന്നതിൽ ഉന്നവും തന്ത്രങ്ങളുമുണ്ട്. സുഗമസംവേദനമാണ് ഉന്നങ്ങളിൽ പ്രധാനം. ശ്രേണീകൃതമായ സമൂഹത്തിൽ മേൽക്കോയ്മ പ്രകടമാക്കാൻ സംസ്കൃതകാവ്യം വേണം. അതു മാത്രമേ കവിതയാകൂ എന്നു ഭാവിച്ച് നടക്കുന്നവരുണ്ട്. മറ്റൊരു പോംവഴിയുമില്ലെങ്കിൽ മലയാളപദ്യങ്ങൾക്കിടയിൽ നാലോ അഞ്ചോ സംസ്കൃതപദങ്ങൾ തിരുകിക്കയറ്റി മേനി നടിക്കുന്നവരുണ്ട്. ലളിതമലയാളം എന്ന പ്രതീതി നൽകുന്ന തലത്തിൽ സംസ്കൃതവും മലയാളവും കലർത്തുന്ന ഉത്തമമണിപ്രവാളം കവിക്ക് പ്രിയങ്കരമാണ്. ഇതെല്ലാമാണെങ്കിലും ഭടജനങ്ങളുടെ നടുവിൽ പടയണിക്കു പാകത്തിൽ ചാരുകേരളഭാഷ ഉപയോഗിക്കാനാണ് കവിയുടെ ശ്രമം. ഇതിനർത്ഥം ഭടജനങ്ങൾക്ക് ഒരു സവിശേഷഭാഷയുണ്ടെന്നും അത് പടയണിയുടെ ഭാഷയുമായി പൊരുത്തപ്പെട്ടുപോകുന്നു അഥവാ പൊരുത്തപ്പെടണം എന്നുമാണ്. സ്ഥലം, കാലം, പ്രസ്ഥാനം (genre) എന്നിവയനുസരിച്ച് ഭാഷ മാറുമെന്ന് കവി ചൂണ്ടിക്കാണിക്കുകയാണ്. അതായത്, നമ്പ്യാരുടെ കാലത്തുതന്നെ പല മലയാളങ്ങളുണ്ടായിരുന്നു. മലയാളം ഒരൊറ്റ തെളിമലയാളമായി എല്ലാവർക്കും മനസ്സിലാകുന്ന പാകത്തിൽ ഉണ്ടായിരുന്നെങ്കിൽ അത് ഭാഷയുടെ പിറവിയോടടുത്ത കാലത്തായിരിക്കും. അങ്ങിനെയൊരു പിറവിയോ തെളിമലയാളഘട്ടമോ ഉണ്ടെന്നു ഞാൻ കരുതുന്നില്ല. വിഭിന്ന ദേശങ്ങളിലെ വിഭിന്ന സമൂഹങ്ങളിലൂടെ പലതരം കാരണങ്ങളാൽ പരിണമിച്ചുണ്ടായ ഭാഷയുടെ ഉൽപത്തിയെ പ്രസവവൃത്താന്തമായി ആഖ്യാനം ചെയ്യുന്നതുകൊണ്ട് ഭാഷോത്ഭവചിന്തയിൽ തെളിച്ചമല്ല കലക്കമാണ് ഉണ്ടാകുന്നത്. തുടക്കത്തിലും വളർച്ചയിലുമുള്ള വൈജാത്യം അമർച്ചചെയ്യാൻ പാഠപുസ്തകങ്ങളും പ്രസാധകരും മാധ്യമപ്രവർത്തകരും എത്രയെല്ലാം ശ്രമിച്ചിട്ടും വിജയിക്കുന്നില്ല.

കുട്ടനാട്ടിലെ *ചെങ്ങന്നൂരാതിപ്പാട്ടി*ലും *മുഹിയുദ്ദീൻമാല*യിലും ജൂതരുടെ പെൺപാട്ടുകളിലും മിഷണറിമലയാളത്തിലും ജനപ്രിയ വാരികകളിലും കാണുന്ന ഭാഷയെ അവയുടെ ഉന്നവും തന്ത്രവും മുൻനിർത്തി വിശദീകരിക്കുന്നതിലാവണം ഭാഷാപഠനത്തിന്റെ ശ്രദ്ധ. കുഞ്ചൻനമ്പ്യാരുടെ ഭാഷാവിവരണം ആ നിലയ്ക്ക് നല്ലൊരു മാതൃകയാണ്. സഭാപ്രവേശത്തിന്റെ തുടക്കത്തിൽ

'വേഷസംഗതിയോടു ചേർന്നൊരു ഭാഷവേണമതെങ്കിലേ
ശേഷമുള്ള ജനത്തിനും പരിതോഷമെന്നു വരൂ ദ്യഢം'

എന്നു പറയുന്നിടത്ത് കവി ഭാഷയുടെ പ്രകടനത്തെക്കുറിച്ചാണ് സംസാരിക്കുന്നത്. പറയൻതുള്ളലിന്റെ വാദ്യവും സംഗീതവും നൃത്തവും ഭാഷയോടേകോപിച്ചാണ് വിനിമയപ്രവാഹമായിത്തീരുന്നതെന്ന് വ്യക്തം. പുതിയൊരു ഭാഷയായി

അതു രൂപാന്തരപ്പെടുന്നു. ചേരുവയിലാണ് കവിയുടെ ശ്രദ്ധ. ഇതെല്ലാം ചെയ്യാൻ കവിക്കുള്ള തന്റേടം സഹായകമാകുന്നു.

പാക്കനാരുടെ വംശലേശമതിൽ പിറന്നവനേഷ ഞാൻ
വാക്കിനാരൊടുമെത്തി നേർത്തു മടങ്ങി മാറുകയില്ലെടോ
തീക്കനല്ക്കു മടക്കമില്ല വനങ്ങൾ ഭസ്മമതാക്കുവാൻ
നീക്കമില്ല നിരപ്പിലുള്ള കവിപ്രബന്ധമതോതുവാൻ.

ഭാഷയിലെ ജലപ്പിശാച് മുത്തശ്ശിമാർ

തന്ത്രപരമായ നീക്കങ്ങളിലൂടെ സമകാലികസമൂഹത്തിലെ ഒരു വിഭാഗം മലയാളികളെ —അവർ പരീക്ഷണകുതുകികളും വ്യത്യസ്ത പ്രവണതകളുടെ വക്താക്കളുമാണ്, പുതുമയാണ് അവരുടെ മുഖമുദ്ര—ഭാഷാദൂഷകർ എന്നു വിളിച്ച് അന്യരാക്കാൻ 'മേലാളർ' ശ്രമിക്കുന്നു. വ്യാകരണപണ്ഡിതർ, സാഹിത്യനായകർ, മാധ്യമനായകർ തുടങ്ങിയവരെല്ലാം മലയാളികളെ, അതും സർഗപ്രതിഭയുള്ള മലയാളികളെ എഴുതാനും വായിക്കാനും പഠിപ്പിക്കണമെന്നു വാദിക്കുന്നു. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയായവർക്കൊന്നും മലയാളം അറിഞ്ഞുകൂടെന്ന് പരിതപിക്കുന്നു. ശരിയാണ്, മേലാളർ എഴുതുന്നതുപോലെയുള്ള വാക്യങ്ങൾ എഴുതാൻ അവർക്കു ശീലമില്ല. എന്നാൽ തങ്ങളുടെ കൂട്ടുകെട്ടിലും തങ്ങളുടെ കർമ്മമണ്ഡലത്തിലും സംവദിക്കാൻ വേണ്ട ഒന്നാംതരം ഭാഷ വശമുണ്ട്. അത് ഡിജിറ്റൽ മലയാളമാവാം, മംഗ്ലീഷാവാം. അവയൊന്നും പഴയതലമുറയ്ക്കു വശമില്ല. അത് സ്വയം പഠിച്ചെടുക്കുകയല്ലാതെ പുതിയ തലമുറയോടു കലഹിച്ചിട്ടു കാര്യമില്ല. എഫ്. എം. റേഡിയോയിലും ടെലിവിഷനിലും ഇന്റർനെറ്റിലും പ്രവർത്തിക്കുന്നവരുടെ മലയാളം നന്നാക്കിയേ അടങ്ങൂ എന്നു വാശി പിടിച്ച് എല്ലാവരെയും ശപിച്ചു നടക്കുന്നവർ ലളിതാംബിക അന്തർജനത്തിന്റെ *അഗ്നിസാക്ഷി*യിലെ ജലപ്പിശാച് മുത്തശ്ശിയെ ഓർമിപ്പിക്കുന്നു. അവരുടെ ഉദ്ദേശശുദ്ധി നല്ലതുതന്നെ. പക്ഷേ, ധാരണകളും കർമ്മപരിപാടികളും അശാസ്ത്രീയമാണ്.

ഭാഷ പൗരസമൂഹത്തിന്റെ സ്വത്ത്

ഭാഷയുടെ നാനാത്വം അനുഗ്രഹമാണ്. ബാബേൽ ഗോപുരത്തിലെ 'പേച്ചുകലക്ക'ത്തിനു ശേഷമാണ് മനുഷ്യൻ അത്ഭുതകരമായ നേട്ടങ്ങൾ ഉണ്ടാക്കിയത്. പേച്ചുകലക്കത്തോടെ പല ഭാഷകളുണ്ടായി. ഭാഷയ്ക്കുള്ളിൽത്തന്നെ പല ഭാഷകളുണ്ടായി. ഭാഷയുടെ ധ്വനി-വർണ-രൂപ-വാക്യതലങ്ങളിൽ മാത്രമല്ല അന്തരമുള്ളത്. ദ്വൈഷണികതയും സർഗാത്മകതയും കണക്കിലെടുത്താൽ മർമ്മപ്രധാനമായ തലം സങ്കല്പനതലമാണ് (Conceptual level). കുട്ടനാട്ടിലെ *ചെങ്ങന്നൂരാതി*യുടെ സങ്കല്പനതലവും ഉള്ളൂരിന്റെ *ഉമാകേരള*ത്തിലെ സങ്കല്പനതലവും വള്ളത്തോളിന്റെ *സാഹിത്യമഞ്ജരി*യിലെ സങ്കല്പനതലവും കുമാരനാശാന്റെ *ചിന്താവിഷ്ടയായ സീത*യിലെ സങ്കല്പനതലവും വ്യത്യസ്തമാണ്. ഇവയെല്ലാം ചേർന്നുണ്ടാകുന്ന സങ്കല്പനത്തിന്റെ ബഹളമാണ് മലയാളത്തിന്റെ സന്തോഷം. ബഹളസന്തോഷം എന്ന് നമുക്കതിനെ വിളിക്കാം. മുഖ്യധാരാചരിത്രത്തിൽനിന്ന് നാട്ടുചരിത്രത്തെ വ്യത്യസ്തമാക്കുന്നത് ഇത്തരം ബഹളസന്തോഷമാണ്. കുടുംബചരിത്ര

ത്തിൽ തീരെയില്ലാത്തതും ഇതുതന്നെ. അതായത്, ഭാഷയുൾപ്പെടെയുള്ള അറിവുചിട്ടകളിലെല്ലാം നാനാത്വം കൊണ്ടാടപ്പെടുന്ന ഘട്ടമാണിത്. ഭാഷയുടെ നാനാത്വവുമായി പൊരുത്തപ്പെടാൻ കഴിയാത്ത ഏകാത്മകവാദികൾ ശുദ്ധിവാദവുമായി ചുറ്റിനടന്ന് പുത്തൻഭാഷയുടെ പ്രയോക്താക്കളെ മതവിചാരണ ചെയ്യുന്നു. ഇതിന്റെ ഫലമാണ് പുത്തൻ തലമുറയിൽ പ്രകടമായിക്കാണുന്ന മലയാളപ്പേടി. കീഴാളരെയും സ്ത്രീകളെയും യുവാക്കളെയും അമർച്ച ചെയ്യാനുള്ള കുതന്ത്രമായി ഇതു വ്യാഖ്യാനിക്കപ്പെടണമെന്നില്ല. ഭാഷയെക്കുറിച്ചുള്ള മലയാളിയുടെ സാമാന്യബുദ്ധി ഫ്യൂഡൽ ആശയാവലികളിൽ കുരുങ്ങിക്കിടക്കുന്നു. മേലാള-കീഴാളബന്ധത്തിലാണ് അവർ എല്ലാം മനസ്സിലാക്കുന്നത്. അവർ തേടിനടക്കുന്നതു ശരിതെറ്റുകളാണ്. ഇരുപത്തൊന്നാം നൂറ്റാണ്ടിൽ മലയാളം പൗരസമൂഹത്തിന്റെ സ്വത്താണ്. അതിൽ വൈവിധ്യങ്ങൾക്കും വൈരുദ്ധ്യങ്ങൾക്കും വേണ്ടുവോളമിടമുണ്ട്; എന്നുമാത്രമല്ല, വൈവിധ്യവത്ക്കരണത്തിലൂടെയാണ് പുതുമകൾ ഉണ്ടാകുന്നത്. പുതുമകൾ—അതാണല്ലോ ഇന്നത്തെ ഏറ്റവും വിലപിടിപ്പുള്ള ഉൽപന്നം. പുതുമലയാണ്മതൻ മഹേശ്വരന്മാരെ സ്വാഗതം ചെയ്യാൻ അൽപം പിൻവാങ്ങി നിന്നുകൂടേ.

വർണവ്യവസ്ഥയിലും പദഘടനയിലും സന്ധികാര്യത്തിലും വ്യത്യാസങ്ങൾ കാണുമ്പോൾ അവയെ പുതുമയുടെ മുളപ്പുകളായി തിരിച്ചറിയാൻ കഴിഞ്ഞാൽ മലയാളപ്പേടി ഒഴിവാക്കാം. അതാണ് മോചനവഴി.

ഗ്രന്ഥസൂചി

ഗിരീഷ്, പി.എം. 2013 **മലയാളം - സ്വത്വവും വിനിമയവും,** ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.

രാമചന്ദ്രപൈ, കെ.വി.ആർ. 2009 **വ്യാകരണപഠനങ്ങൾ,** ചങ്ങനാശേരി: ലില്ലി ബുക്സ്.

രാജരാജവർമ്മ, എ. ആർ. 2012 'അപ്പൻതമ്പുരാന്റെ അവതാരിക', **സാഹിത്യസാഹ്യം,** കോട്ടയം: നാഷനൽ ബുക്സ്റ്റാൾ.

വസന്തൻ, എസ്.കെ. 2005 **കേരള സംസ്കാരചരിത്രനിഘണ്ടു -II,** തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

സക്കറിയ 2008 **മലയാളരഹസ്യങ്ങൾ,** കോഴിക്കോട്: പൂർണ പബ്ലിക്കേഷൻസ്.

സുബൈർ, വി.പി. 2013 **മലയാള പത്രഭാഷ,** എറണാകുളം: കേരള പ്രസ് അക്കാദമി.

Delin, Judy 2000 **The Language of Everyday Life,** Sage Publications (Digital Version).

Deutscher, Guy 2010 **Through the Language Glass,** New York: Picador.